**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3491** **02-03-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന നടത്തി വരുന്ന പ്രവർത്തങ്ങൾ വിശദമാക്കുമോ? | (എ) | വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരുന്നത്. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു.<br><br>ഈ സർക്കാർ അധികാരമേറ്റശേഷം കർഷകരുടെ കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി 2 വർഷം കൂടി വർദ്ധിപ്പിച്ചു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നത്. ദീർഘിപ്പിച്ച കാലപരിധി അനുസരിച്ച് കർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. പരമാവധി 2 ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്. മുൻകാലയളവിൽ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ കൂടി പരിഗണിക്കുന്നതിന് 07.01.2022ൽ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>കോവിഡ് മഹാമാരി മൂലം ഒരു വർഷത്തിലേറെ സിറ്റിംഗ് നടത്താൻ കഴിയാതെ വന്ന സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം **കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി** |

| | | | |
|---|---|---|---|
| | | | **വർദ്ധിപ്പിക്കുകയും, ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.**<br><br>ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്കു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16.004 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ